

# Palakkad Police Action

www.facebook.com/palakkadpolice
www.twitter.com/DpcPalakkad

## നിരവധി ക്രിമിനൽ കേസ്സുകളിലെ പ്രതിയും കൂട്ടാളിയും ആഡംഭര കാറിൽ കടത്തിയ 70 കിലോ കഞ്ചാവുമായി പിടിയിൽ

നിരവധി ക്രിമിനൽ കേസ്സുകളിലെ പ്രതിയും കൂട്ടാളിയും 70 കിലോ കഞ്ചാവുമായി പിടിയിലായി. കല്ലടിക്കോട്, ചുങ്കം, പീടികപ്പറമ്പിൽ സനു എന്ന ചുക്ക് സനു വ: 39, സുഹൃത്ത് മണ്ണാർക്കാട് , വെട്ടിക്കല്ലടി, ഷഫീഖ് വ: 27 എന്നിവരെയാണ് പാലക്കാട് ജില്ലാ ലഹരി വിരുദ്ധ സക്വാഡും , കൊഴിഞ്ഞാമ്പാറ പോലീസും സംയുക്തമായി നടത്തിയ പരിശോധനയിൽ അർദ്ധരാത്രി വേലന്താവളം ചെക്ക് പോസ്റ്റിൽ വെച്ച് പിടികൂടിയത്.

■ ആഡംബര കാറിൽ കടത്താൻ ശ്രമം

## 70 കിലോ കഞ്ചാവുമായി ക്രിമിനൽ കേസ് പ്രതിയും കൂട്ടാളിയും പിടിയിൽ

പാലക്കാട്

നിരവധി ക്രിമിനൽ കേസുകളിലെ പ്രതിയെയും കൂട്ടാളിയെയും 70 കിലോഗ്രാം കഞ്ചാവുമായി പൊലീസ് പിടികൂടി. കല്ലടിക്കോട് ചുങ്കം പീടികപ്പറമ്പിൽ സനു (39 – ചുക്ക് സനു), സുഹൃത്ത് മണ്ണാർക്കാട് വെട്ടിക്കല്ലടി ഷഫീഖ് (27) എന്നിവരെയാണ് പിടികൂടിയത്. ജില്ലാ ലഹരിവിരുദ്ധ സക്വാഡും കൊഴിഞ്ഞാമ്പാറ പൊലീസും സംയുക്തമായി നടത്തിയ പരിശോധനയിൽ വെള്ളിയാഴ്ച അർധരാത്രിയാണ് വേലന്താവളം ചെക്പോസ്റ്റിൽ നിന്ന് പിടികൂടിയത്.

ആന്ധ്രയിൽ നിന്നും ആഡംബര കാറിന്റെ ഡിക്കിയിൽ ഒളിപ്പിച്ച് കടത്തുകയായിരുന്നു കഞ്ചാവ്. നിരവധി തവണ കഞ്ചാവ് കടത്തിയതായി പ്രതികൾ പൊലീസിനോട് സമ്മതിച്ചു. സനുവിനെ ആഴ്ചകളായി പൊലീസ് നിരീക്ഷിക്കുകയായിരുന്നു. പാലക്കാട്, തൃശൂർ, മലപ്പുറം ജില്ലകളിലെ കച്ചവടക്കാർക്ക് വിൽപ്പന നടത്താൻ കൊണ്ടുവന്നതാണ് കഞ്ചാവ്. സനുവിന് നേരത്തെ മഞ്ചേരി, പെരിന്തൽമണ്ണ, മണ്ണാർക്കാട്, കോങ്ങാട് പൊലീസ് സ്റ്റേഷനുകളിൽ കഞ്ചാവ് കേസുകൾ നിലവിലുണ്ട്. സംസ്ഥാനത്തെ വിവിധ ജില്ലകളിലെ പൊലീസ് സ്റ്റേഷനുകളിൽ ഹൈവേ റോബറി, വഞ്ചന, വധശ്രമം തുടങ്ങി നിരവധി ക്രിമിനൽ കേസുകളുണ്ട്. നർകോട്ടിക് സെൽ ഡിവൈഎസ്പി സി ഡി ശ്രീനിവാസൻ, കൊഴിഞ്ഞാമ്പാറ ഇൻസ്പെക്ടർ ശശിധരൻ, എസ്ഐ രാജേഷ്, ലഹരിവിരുദ്ധ സ്ക്വാഡ് അംഗങ്ങളായ എസ് ജലീൽ, ജോൺസൺ ലോബോ, സുനിൽകുമാർ, റഹിം മുത്തു, സി എസ് സാജിദ്, ആർ കിഷോർ, കൃഷ്ണദാസ്, യു സൂരജ് ബാബു, കെ അഹമ്മദ് കബീർ, ആർ വിനീഷ്, ആർ രാജീദ്, എസ് ഷാനോസ്, കെ ദിലീപ്, എസ് ഷമീർ, എസ് സമീർ , എ ആർ ക്യാമ്പ് എസ് ഐ ഗംഗാധരൻ, കെഎപി സിപിഒ വി നിധീഷ്, കൊഴിഞ്ഞാമ്പാറ എഎസ്ഐ ചന്ദ്രൻ, രതീഷ്, സുധീഷ് കുമാർ എന്നിവരടങ്ങിയ സംഘമാണ് കഞ്ചാവ് പിടികൂടിയത്.



കാറിൽ കടത്തിയ കഞ്ചാവ്

ആന്ധ്രപ്രദേശിൽ നിന്നും ആഡംബര കാറിന്റെ ഡിക്കിനകത്ത് ഒളിപ്പിച്ച് കടത്തുകയായിരുന്നു കഞ്ചാവ്. നിരവധി തവണ കഞ്ചാവ് കടത്തിയതായി പ്രതി മൊഴി നൽകി. പിടിച്ചെടുത്ത കഞ്ചാവിന് 50 ലക്ഷം രൂപ വില വരും. പാലക്കാട്, തൃശ്ശൂർ , മലപ്പുറം ജില്ലകളിലെ കഞ്ചാവ് കച്ചവടക്കാർക്ക് വിൽപ്പന നടത്തുവാൻ കൊണ്ടുവന്നതാണ്.

ആന്ധ്രയിൽ നിന്നും കഞ്ചാവ് വരുന്നുണ്ടെന്നുള്ള രഹസ്യ വിവരം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പാലക്കാട് ജില്ലാ പോലീസ് മേധാവി R. വിശ്വനാഥ് IPS ന്റെ നിർദ്ദേശത്തെത്തുടർന്ന് നർകോട്ടിക് സെൽ DySP C. D ശ്രീനിവാസന്റെ നേതൃത്വത്തിൽ പാലക്കാട് ജില്ലയിലെ വിവിധ സംസ്ഥാന അതിർത്തികളിൽ ലഹരി വിരുദ്ധ സേനയിലെ പോലീസ് ഉദ്യോഗസ്ഥരെ വിന്യസിക്കുകയായിരുന്നു.

കൊഴിഞ്ഞാമ്പാറ ഇൻസ്പെക്ടർ ശശിധരൻ, സബ് ഇൻസ്പെക്ടർ രാജേഷ്, ഡാൻസാഫ് സ്ക്വാഡ് അംഗങ്ങളായ S.ജലീൽ, ജോൺസൺ ലോബോ T.R. സുനിൽ കുമാർ, റഹീം മുത്തു, C.S. സാജിദ്, R. കിഷോർ, കൃഷ്ണദാസ്, U.സൂരജ് ബാബു, K .അഹമ്മദ് കബീർ, R. വിനീഷ്, R. രാജീദ്, S.ഷനോസ്, K. ദിലീപ്, S. ഷമീർ, S.സമീർ , A.R. ക്യാമ്പ് S.I. ഗംഗാധരൻ, KAP P. C നിധീഷ്.V, കൊഴിഞ്ഞാമ്പാറ പോലീസ് സ്റ്റേഷനിലെ ASI ചന്ദ്രൻ , SCPO രതീഷ്, CPO സുധീഷ് കുമാർ എന്നിവരടങ്ങിയ സംഘമാണ് കഞ്ചാവ് കടത്ത് പിടികൂടിയത്.

.....................................................................................................................................